(ബി) സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോൾ ഉള്ള ജീവപര്യന്തം തടവുകാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(സി) ഇവരിൽ നിയമാനുസരണമുള്ള ഇളവുകൾ കൂടി കണക്കിലെടുക്കുമ്പോൾ മോചനത്തിന് അർഹരായിട്ടുള്ളവരുടെ എണ്ണം കൂടി വ്യക്തമാക്കുമോ;

(ഡി) ഇവരെ മോചിപ്പിക്കാൻ ഉടനെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13.2.1999-ലെ കായംകുളം എം.എൽ.എയുടെ കത്തിനോടൊപ്പം ലഭിച്ച നെട്ടുകാൽത്തേരി തുറന്ന ജയിലിലെ എഴുപതോളം ജീവപര്യന്തം തടവുകാരുടെ നിവേദനം സർക്കാരിനു കിട്ടിയിരുന്നു. സ്ത്രീകളേയും കുട്ടികളേയും കൊലപ്പെടുത്തിയ കേസിലെ തടവുകാരുടെ മോചനം പ്രിസൺ റിവ്യൂ കമ്മിറ്റി പരിഗണിക്കണമെന്നാണ് ആവശ്യം. 19.3.1999-ൽ കൂടിയ പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിലെ 59 ജീവപര്യന്തം തടവുകാരുടെ മോചനം 7.7.1999-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 909

(സി) അർഹരായിട്ടുള്ളവർ ഇപ്പോൾ ആരുംതന്നെയില്ല.

(ഡി) ഉദിക്കുന്നില്ല.

സുൽത്താൻ ബത്തേരിയിൽ മുനിസിഫ് കോടതി

92 (3021)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിൽ മുനിസിഫ് കോടതി സ്ഥാപിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) എന്നു മുതൽ കോടതി പ്രവർത്തനം ആരംഭിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ)&(ബി)ഹൈക്കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച് നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ സുൽത്താൻ ബത്തേരി മുനിസിഫ് മജിസ്ട്രേറ്റ് കോടതി രണ്ടാം സ്ഥാനത്ത് ചേർത്തിട്ടുണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിലെ ഒന്നും രണ്ടും സ്ഥാനത്തുള്ള കോടതികൾ ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly